കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

## (രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/1860/2019**

കേരള സംസ്ഥ
ജില്ലാ ജോയിന്റ് ഡയറക്ടറുടെ

തിരുവനം

തീയ

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത്**

സർ,

വിഷയം : പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ച ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തി സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡി വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സ ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേ തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധ ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വ

**ജോയിന**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലെപ്മെന്റ് കമ്മീഷണർ, ഗ്രാമവികസനവകുപ്പ്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/1860/2019 തിയതി:- 17.10.2019

**<u>തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക (</u>**

**<u>ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ന*

*വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കാ*

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക ( ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചാ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടു പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കു റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| **ഓഡിറ്റിന്‌ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | **ശ്രീ.മുഹമ്മദ് നിസാർ.എ, ജോയിന്റ് ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | **25.10.2019 മുതൽ 01.11.2019 വരെ** |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>**

| **പേര്** | **ഉദ്യോഗപ്പേര്** |
|---|---|
| **ശ്രീ.മനേഷ്.ബി.എച്ച്.** | **ഓഡിറ്റ് ഓഫീസർ** |
| | |

| | |
|---|---|
| ശ്രീ.അരുൺ.സി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിനുകുമാർ.പി.കെ. | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | 1)ശ്രീമതി ഷാനിബാ ബീഗം.എ. | 01.04.2018 മുതൽ 03.10.2018 വരെ |
| | 2)അഡ്വ. എം.യാസിർ<br>(വൈസ് പ്രസിഡന്റ് - ചുമതല) | 04.10.2018 മുതൽ 20.10.2018 വരെ |
| | 3)ശ്രീമതി ഷാനിബാ ബീഗം.എ. | 21.10.2018 മുതൽ 31.03.219 വരെ |
| സെക്രട്ടറി | 1)ശ്രീ. ജി. ശിശുപാലൻ | 01.04.2018 മുതൽ 06.04.2018 വരെ |
| | ശ്രീ. ജെ. ജോസഫ്<br>(ജോയിന്റ് ബി.ഡി.ഓ - ചുമതല) | 07.04.2018 മുതൽ 01.05.2018 വരെ |
| | ശ്രീമതി സജിന സത്താർ | 02.05.2018 മുതൽ 31.3.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അൻസാർ.എ. | 01.04.2018<br>മുതൽ<br>03.04.2018 വ |
| | ശ്രീമതി ഗംഗ.ആർ.എസ്. | 04.04.2018<br>മുതൽ<br>31.03.2019 വ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. വിജയൻ.കെ.<br>(അധിക ചുമതല) | 01.04.2018<br>മുതൽ<br>11.05.2018 വരെ |

| | | |
|---|---|---|
| | ശ്രീ. തോമസ് മാത്യു | 12.05.2018<br>മുതൽ<br>17.06.2018 വര |
| | ശ്രീ. വിജയൻ.കെ.<br>(അധിക ചുമതല) | 18.06.2018<br>മുതൽ<br>02.07.2018 വര |
| | ശ്രീമതി ദേവിശ്രീ | 03.07.2018<br>മുതൽ<br>11.07.2018 വരെ |
| | ശ്രീ. വിജയൻ.കെ.<br>(അധിക ചുമതല) | 12.07.2018 മുത<br>22.07.2018 വര |
| | ശ്രീ. സുനിൽ.എസ്. | 23.07.2018<br>മുതൽ<br>31.3.2019 വരെ |
| **ഡയറി എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ. ജി.ചാക്കോ | 01.04.2018<br>മുതൽ<br>04.06.2018 വര |
| | ശ്രീമതി നിമ്മി അമീർ | 05.06.2018<br>മുതൽ<br>12.07.2018 വര |
| | ശ്രീമതി ബബിന<br>മറിയ.വൈ. | 13.07.2018 മുത<br>01.11.2018 വരെ |
| | ശ്രീമതി വിമലകുമാരി<br>അമ്മാൾ<br>(അധിക ചുമതല) | 02.11.2018 മുത<br>06.11.2018 വര |

| | | |
|---|---|---|
| | ശ്രീ. രാജേഷ്.പി. | 07.11.2018 മുതൽ<br>31.03.2019 വരെ |
| **ശിശു വികസന ഓഫീസർ** | ശ്രീമതി കെ.എച്ച്.ലജീന | 01.04.2018<br>മുതൽ<br>13.08.2018 വരെ |
| | ശ്രീമതി കുമാരി കല.എസ്. | 14.08.2018<br>മുതൽ<br>29.08.2018 വരെ |
| | ഡോ.പ്രീതാകുമാരി.ആർ | 30.08.2018<br>മുതൽ<br>31.03.2019 വരെ |
| **പട്ടികജാതി വികസന ഓഫീസർ** | ശ്രീ. പ്രശാന്തൻ.ഇ.പെരേര | 01.04.2018<br>മുതൽ<br>04.09.2018<br>വരെ |
| | ശ്രീ. ഷാജികുമാർ.എം. | 05.09.2018<br>മുതൽ<br>31.03.2019 വരെ |
| **കൃഷി അസിസ്റ്റന്റ് ഡയറക്ടർ** | ശ്രീമതി ബിന്ദുകുമാരി.എ | 01.04.2018<br>മുതൽ<br>31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. പുത്തൻതോപ്പ്** | ഡോ. സിമി.വി.എ. | 01.04.2018<br>മുതൽ<br>29.06.2018 വരെ |
| | ഡോ. ജോൺ എബ്രഹാം | 30.06.2018 |

| | | |
|---|---|---|
| | | മുതൽ<br>04.07.2018 വരെ |
| | ഡോ. ബിന്ധ്യാറാണി.സി. | 05.07.2018<br>മുതൽ<br>21.10.2018 വരെ |
| | ഡോ. സുനിൽ.ആർ | 22.10.2018 മുതൽ<br>11.03.2019 വരെ |
| | ഡോ.അച്ചാമ്മ.എ.എസ്. | 12.03.2019<br>മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടകക്കരാർ പുതുക്കുന്നില്ല; വാടകക്കുടിശ്ശികയ്ക്ക് പിഴ ഈടാക്കുന്നില്ല | 1-12 |
| 13 | TSP ഫണ്ട് - പദ്ധതി തുക പിൻവലിച്ച് തിരിച്ചടക്കുന്നു | 1-13 |
| 14 | സാധനസാമഗ്രികൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കുന്നില്ല- പർച്ചേസിംഗ് കമ്മിറ്റി ശരിയായി പ്രവർത്തിക്കുന്നില്ല | 1-14 |
| 15 | യാത്രാബത്ത അധികനിരക്ക് നൽകി | 1-15 |
| 16 | പദ്ധതി ആസൂത്രണം - മോണിറ്ററിംഗ് ചെലവ് | 1-16 |
| 17 | തെരഞ്ഞെടുപ്പ് ബൂത്തിൽ 1,02,421/- രൂപ ചെലവഴിച്ച് നിർമ്മിച്ച ക്യാബിൻ പൊളിച്ചു മാറ്റി - പാഴ്ച്ചെലവ് | 1-17 |
| 18 | പണം കൈമാറിയിട്ടും യന്ത്ര സാമഗ്രികൾ സമയബന്ധിതമായി കർഷകർക്ക് നൽകിയില്ല | 1-18 |
| 19 | കിണർ റീ -ചാർജിംഗ് – വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 1-19 |
| 20 | ചേമ്പാല – തെറ്റിച്ചിറ റോഡ് – റീടാറിംഗ് – അപാകതകൾ | 1-20 |
| 21 | ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പദ്ധതി - പൂർത്തീകരണം വൈകുന്നു | 1-21 |
| 22 | കോളനികളിലെ കുടിവെള്ള പദ്ധതികൾ പൂർത്തിയായില്ല | 1-22 |
| 23 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 24 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ - മാർഗനിർദേശങ്ങൾ പാലിച്ചില്ല | 1-24 |
| 25 | വയോജനങ്ങളിലൂടെ നാട്ടറിവുകളുടെ സമാഹാരം പദ്ധതി - നടത്തിയ പ്രവർത്തനങ്ങളിൽ അവ്യക്തത | 1-25 |
| 26 | ഉപകരണങ്ങൾ വാങ്ങൽ - KSMSCL അധിക നിരക്ക് ഈടാക്കുന്നു | 1-26 |
| 27 | ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറാതെ നേരിട്ട് ചെലവഴിക്കുന്നു | 1-27 |

| | | |
|---|---|---|
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | യാത്രാബത്ത അധികനിരക്ക് നൽകി | 3-1 |
| 30 | പദ്ധതി ആസൂത്രണം - മോണിറ്ററിംഗിനായി ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-2 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 42 | അനുബന്ധം – 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018-ലെ ഭരണസമിതിയോഗം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷ - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 89,74,766 |
| പ്രതീക്ഷിത വരവ് | 77,16,69,000 |
| ആകെ | 78,06,43,766 |
| പ്രതീക്ഷിത ചെലവ് | 77,91,91,000 |
| നീക്കിയിരിപ്പ് | 14,52,766 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാ

| | |
|---|---|
| മുന്നിരിപ്പ് | 40220254 |
| വരവ് | 114953942 |
| ആകെ | 155174196 |
| ചെലവ് | 116230081 |
| നീക്കിയിരിപ്പ് | 38944115 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 41265000 | 41265000 | 41265000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 20613000 | 20613000 | 20613000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 391000 | 391000 | 391000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 4890000 | 4890000 | 4890000 | 0 |
| പൊതു ആവശ്യഗ്രാന്റ് | 752931 | 12587888 | 13340819 | 5834712 | 7506107 |
| സംയുക്ത പ്രോജക്ട് | 1857000 | 16513329 | 18370329 | 4958999 | 13411330 |
| തനത് ഫണ്ട് | (-)840546 | 3521485 | 2680939 | 21738568 | (-)19057629 |
| എെ.സി.ഡി.എസ് | 527412 | 0 | 527412 | 0 | 527412 |
| ടി.എസ്.സി. | 678490 | 0 | 678490 | 0 | 678490 |
| ഐ.ഡബ്ല്യൂ.എം.പി. | 1281 | 0 | 1281 | 0 | 1281 |
| ഐ.എ.വൈ. | 35268379 | 14800000 | 50068379 | 16294641 | 33773738 |
| വെൽഫയർ | 35000 | 0 | 35000 | 0 | 35000 |
| സ്പെസിഫിക് 1 | 1274 | 0 | 1274 | 0 | 1274 |
| സ്പെസിഫിക് 2 | 152459 | 0 | 152459 | 0 | 152459 |
| സ്പെസിഫിക് 3 | 25000 | 0 | 25000 | 0 | 25000 |
| സ്പെസിഫിക് 4 | 0 | 26500 | 26500 | 0 | 26500 |
| ഫ്ലഡ് ഡൊണേഷൻ | 0 | 91000 | 91000 | 91000 | 0 |
| ഗുണഭോക്തൃ വിഹിതം | 0 | 46228 | 46228 | 46228 | 0 |
| നിക്ഷേപം | 1761574 | 208512 | 1970086 | 106933 | 1863153 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീക പ്രോജക്ടുക ശതമാ |
|---|---|---|---|---|---|---|
| 115 | 38164140 | 71 | 67744867 | 22 | 22 | 62 |

# 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 25.09.2019, 10 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശേ നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന സന്ദർഭങ്ങളിൽ വാട പുതുക്കുകയോ വാടകകുടിശ്ശികയ്ക്ക് പിഴ ഈടാക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്തിൽ സാധനസാമഗ്രികൾ സന്ദർഭങ്ങളിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കുന്നില്ല. പർച്ചേസിംഗ് കമ്മിറ്റി ശരിയായി പ്രവർത്ത പ്രവൃത്തി സ്ഥലം പരിശോധിച്ച് വ്യക്തമായ ധാരണയിലെത്താത്തതിനാലും പ്രോജക്ട് രൂപീകരണ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കാഞ്ഞതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നു. പ്രവൃത്തികളുടെ മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാലും ഗുണനിലവാരം ഉറപ്പാക്കാൻ ക പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികളും സ്കൂളുകളിലെ മാലിന്യസംസ്കരണ പ പൂർത്തീകരിക്കാൻ വൈകുന്നത് അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹണത്തിനായി തുക കൈമാറുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായല്ല. നിർവ്വഹണ ഉദ്യോ നേരിട്ട് പദ്ധതി തുക നൽകുന്നത് ഗ്രാമപഞ്ചായത്തിൽ അവ അക്കൗണ്ട് ചെയ്യപ്പെടാതിരിക്കാൻ കാരണമാക അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ കിണർ റീച്ചാർജിംഗ് പ്രോജക്ടുകളിൽ പ്രോജക്ട് രൂ മോണിറ്ററിംഗ് എന്നിവയിലെ അപാകതകൾ മൂലം പൂർണമായ ഫണ്ട് വിനിയോഗം നടന്നിട്ടില്ല. പ ലക്ഷ്യത്തിലെത്തിക്കാനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ആവശ്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.09.2018 മുതൽ 13.09.2018 വരെ | 2017-18 | 26.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.07.2014 | 2010-11 മുതൽ 2013-14 വരെ | 03.09.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ./റ്റി.വി.എം.ബി.പി/1502/19 തീയതി 09.08.2019 -ാം നമ്പരായി 2018-19 വാർഷിക ക

പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ഇല്ല.

## 1-12 വാടകക്കരാർ പുതുക്കുന്നില്ല; വാടകക്കുടിശ്ശികയ്ക്ക് പ ഈടാക്കുന്നില്ല

SERG(Social Empowerment Resourse Group) ഓഫീസിനായി ബ്ലോക്ക് പഞ്ചായത്ത് നൽകിയ സ്ഥ വാടക കരാർ കാലാവധി 2017 ഏപ്രിൽ മാസം അവസാനിച്ചു. എന്നാൽ വാടക കരാർ പുതുക്കാതെയും വ വാടക നൽകാതെയും പ്രസ്തുത സ്ഥലം SERG ഉപയോഗിക്കുന്നു. 2019 ജനവരി മുതൽ വാടകക്കുടിശ്ശികയുണ്ട വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16, 01.10.2019) മറുപടി ലഭ്യമാക്കിയിട്ടി പുതുക്കാനും വാടകക്കുടിശ്ശിക ഈടാക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ട പതിപ്പിച്ചിട്ടില്ല. കരാർ പുതുക്കാനും കുടിശ്ശിക വാടക ഈടാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കേ അതോടൊപ്പം സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിവരവും ഈടാക്കേണ്ട കുടിശ്ശിക തുകയും അറിയിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുണ്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റിലെ വാടകയ കുടിശ്ശികയും ചേർത്ത് 2018-19 വരെയുള്ള കാലയളവിൽ 391920/-രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. പ്ര തവണകളായി അടവാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക നിലനിൽക്കെ തുടർപ്രവർത്തനാനുമതി നൽക കാണുന്നു. വാടകക്കാരനുമായുള്ള ഉടമ്പടി പ്രകാരം (ഉടമ്പടി നം.1) എല്ലാ കലണ്ടർ മാസവും അഞ്ചാമത്തെ ദിവസത്തിനു മുൻപായി ഓരോ മാസവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് വാടക നൽകേണ്ടതാണ്

ഉടമ്പടി നമ്പർ 12 പ്രകാരം വാടക ഉടമ്പടി ലംഘിക്കപ്പെട്ടാൽ മുൻകൂർ നോട്ടീസ് പ്രകാരം വാടക ഒഴിപ്പിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്കു വേണ്ടി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കേ ഉടമ്പടി ലംഘിച്ചിട്ടും ഭരണസമിതിയോ സെക്രട്ടറിയോ യാതൊരു നടപടിയും സ്വീകരിച്ചില്ല. വാടക കുടിശ്ശ് പലിശ ഈടാക്കിയിട്ടില്ല. പിഴ പലിശ വാടകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 TSP ഫണ്ട് - പദ്ധതി തുക പിൻവലിച്ച് തിരിച്ചടക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ അന്തിമ പദ്ധതി രേഖ പ്രകാരം ട്രൈബൽ സബ് പ്ലാൻ ഫണ്ടിൽ ചെലവഴിക്കേണ്ടതായ പദ്ധതികൾ ഇല്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഇല്ല. 2017-18, 2018-19 വർഷങ്ങളിൽ TSP ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ഏതാനും ദിവസങ്ങൾ സൂക്ഷിക്കുകയും ചെയ്തതിനുശേഷം തിരിച്ചടച്ചിട്ടുണ്ട്. 2017-18 വർഷം പദ്ധതിപ്രകാരം 118000/-രൂപ പിൻവ ശ്രമിച്ചെങ്കിലും ആയത് ക്യൂ ബിൽ ആകുകയും 16.5.2018-ൽ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. 12.6.2018 മുഖേന തുക ട്രഷറിയിൽ തിരിച്ചടച്ചു. 2018-19 വർഷം ഇപ്രകാരം 273000/-രൂപ പിൻവലിക്കുകയും തിരിച്ച

ചെയ്തിട്ടുണ്ട്. സർക്കാർ ഫണ്ട് പിൻവലിച്ച ബാങ്കിൽ സൂക്ഷിച്ചതിനുശേഷം തിരിച്ചടക്കുന്ന രീതി ഒഴ സർക്കാർ നിർദ്ദേശമുള്ളതാണ്. (ഇ-147340/EMI/15/LSG-19.03.2015) നിർദ്ദേശിച്ചിട്ടുള്ളതാണ്. ആ പട്ടികവർഗ്ഗ സങ്കേതങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലില്ല എന്ന വിവരം സർക്കാരിനെ അറിയിച്ച് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 സാധനസാമഗ്രികൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് നിയമ പാലിക്കുന്നില്ല- പർച്ചേസിംഗ് കമ്മിറ്റി ശരിയായി പ്രവർത്തിക്കുന്നില്ല

പഞ്ചായത്തിൽ 2018-19 വർഷത്തിൽ നിരവധി പദ്ധതികൾ പ്രകാരം സാധനസാമഗ്രികൾ, കമ്പ്യൂട്ടറുക വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല. ഈ പർ കമ്മിറ്റിയോ മോണിറ്ററിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല. സ്റ്റോർ പർച്ചേസ് ന പാലിക്കാത്തതിനാൽ അധികച്ചെലവും വരുമാന നഷ്ടവും ഉണ്ടായി. സാധനസാമഗ്രികളുടെ വാങ്ങലുമായി അപാകതകൾ താഴെപ്പറയുന്നു.

**എ)** S0036/19, S0037/19, S0038/19, S0042/19, S0115/19, S0116/19 എന്നീ പ്രോജക്ടുകൾ ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ഫർണിച്ചറുകൾ ടെൻഡർ കൂടാതെ ആർട്കോയിൽ ന വാങ്ങിയിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സാധനങ്ങൾ, നിശ്ചയിച്ചിരിക്കുന്ന വിലയിൽ ആർട്ട്കോയിൽ നിന്നും ടെൻഡർ ഇല്ലാതെ വാങ്ങാവുന്നതാണ്. എന്നാ സർക്കാർ നിർദ്ദേശിക്കാത്ത ഫർണിച്ചറുകൾ ടെൻഡർ ഇല്ലാതെ നേരിട്ട് വാങ്ങിയിരിക്കുന്നു. (ഉദാഹരണം ചെയർ).

**ബി)** സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിൽ ആവശ്യമായ സാധനങ്ങൾ കണക്കെടുക്കേണ്ടതാണ്. പദ്ധതി മുൻകൂട്ടി വിഭാവനം ചെയ്യുന്നതിനാൽ ഏതൊക്കെ പദ്ധതികളിൽ വ നടത്തണമെന്ന് പർച്ചേസിംഗ് കമ്മിറ്റിക്ക് മുൻകൂട്ടി അറിയാൻ കഴിയും. അതിനാൽ വാങ്ങലുകൾ നടത്താവുന്നതാണ്. എന്നാൽ ഇവിടെ ഈ നിബന്ധന പാലിച്ചിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി ഈ വി യാതൊരു പരിഗണനയും നൽകിയിട്ടില്ല.

**സി)** ആറ് ലൈബ്രറികൾക്ക് ആറ് വ്യത്യസ്ത സപ്ലൈ ഓർഡർ നൽകിയിട്ടാണ് ഫർണിച്ചറുകൾ വാങ്ങിയി ഇത് ആറ് വ്യത്യസ്ത തീയതികളിൽ ആയതിനാൽ ഓരോതവണയും ആറ് വ്യത്യസ്ത നിരക്കിലുള്ള വ ഫർണിച്ചറുകൾ ആണ് ലഭിച്ചത്. പ്ലാസ്റ്റിക് ചെയർ ചില ലൈബ്രറികൾക്ക് 550/-രൂപ നിരക്കിൽ ലഭിച്ച

ലൈബ്രറികൾക്ക് 584/-രൂപ നിരക്കിൽ ലഭിച്ചു. കൂടാതെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ ഇര അധികച്ചെലവ് ഉണ്ടായി.

**ഡി)** സർക്കാർ ഉത്തരവിൽ ആർട്ട്കോയിൽ നിന്നും വാങ്ങാവുന്ന ഫർണിച്ചറിന്റെ തരവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് എസ്റ്റിമേറ്റ് കണക്കാക്കാവുന്നതാണ്. ഇപ്രകാരം കണക്കാക്കാതെ ആർട്ട്കോയിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും ആർട്ട്കോ തീരുമാനിക്കുന്ന തരത്തിലുള്ള വിവിധ നിരക്കിലുള്ള, ഫർണിച്ചറുകൾ വിതരണം ചെയ്യുകയും ചെയ്തു. ഉദാഹരണമായി ആവശ്യപ്പെടുമ്പോൾ ആദ്യ എസ്റ്റിമേറ്റിൽ 3 ഷെൽഫുകൾ ഉള്ള അലമാര നൽകുകയും രണ്ടാമത്തെ എസ്റ്റ് ഷെൽഫുകൾ ഉള്ള അലമാര നൽകുകയും ചെയ്തു.

**ഇ)** പ്രോജക്ട് നമ്പർ S0026/19 പ്രകാരം പുത്തൻതോപ്പ് ആശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങിയത് 3 നിരക്കിലാണ്. എന്നാൽ പ്രോജകട് നമ്പർ S0132/2019 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ ചെലവഴിച്ചത് 41529/- രൂപയാണ്. ഒരേസമയത്ത് ഓർഡർ നൽകിയിരുന്നെങ്കിൽ 7952/-രൂപയുടെ അധി ഒഴിവാക്കാമായിരുന്നു.

**എഫ്)** സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ S0037/2019, S0033/2019 എന്നിവ പ്രകാരം എ ചെയറുകൾ വാങ്ങിയിട്ടുണ്ട്. അവ യഥാക്രമം 8500/-, 7627/- രൂപ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്. ഓഫീസർ നടപ്പിലാക്കിയ 45/2019, 46/2019 പദ്ധതികളിൽ വെയിംഗ് മെഷീൻ യഥാക്രമം 906.50/-, 17 നിരക്കിലാണ് വാങ്ങിയത്. ഇപ്രകാരം ഒരേ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരേ സാധനം രണ്ട് വ്യത്യസ്ത പ്രോ രണ്ട് നിരക്കിൽ വാങ്ങി.

കൃത്യമായ ആസൂത്രണം ഉണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള അധിക ചെലവുകൾ ഒഴിവാക്കാമായിരു

2018-19 വർഷത്തിൽ 7 പദ്ധതികൾക്കായി 7 തീയതികളിൽ 7 സപ്ലൈ ഓർഡർ നൽകി 4,02,330, ആർട്ട്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ഈ വാങ്ങലുകൾ ഒറ്റ സപ്ലൈ ഓർഡറിലൂടെ മാത്രം കഴിയുമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ആദായനികുതി ഈടാക്കാമായിരുന്നു.

പ്രോജക്ട് നമ്പർ S0132/2019 പ്രകാരം 41259/-രൂപ കമ്പ്യൂട്ടർ വാങ്ങുന്നതിനായി ഐ.ടി. മിഷന് കൈമാ എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-15 യാത്രാബത്ത അധികനിരക്ക് നൽകി

പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനായി ശ്രീമതി.സജിന സത്താർ, സെക്രട്ടറി തൃശ്ശൂർ യാത്രാബത്ത 6780/- (ചെക്ക് നം 6031388/30.03.2019) അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഈ ക്ലെയിമുകളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

**എ)** യാത്രാ ഡയറിയിൽ ഏത് ക്ലാസിലാണ് യാത്ര ചെയ്തതെന്ന് കാണിച്ചിട്ടില്ല. കൂടാതെ ഇത് സ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി കാണുന്നില്ല.

**ബി)** ഓട്ടോ ചാർജ് നിശ്ചയിച്ചിരിക്കുന്നതിൽ നിന്നും അധിക നിരക്കിൽ ക്ലയിം ചെയ്തു.

**സി)** പഞ്ചായത്ത് ഡയറക്ടറുടെ നിർദേശപ്രകാരം മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കാണ് 2000/- രൂപ പഞ്ചായത്തിൽ നിന്നും താമസത്തിനായി കൈമാറുന്നത്. എന്നാൽ മുൻകൂട്ടി ബുക്ക് ചെയ്യാത്തവർക്ക് KSR( നിരക്കാണ് ബാധകം.

യാത്രാബത്തയായി ആകെ 2068/-രൂപയാണ് അനുവദനീയം. അധികമായി 4712/- രൂപ അനുവദിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-16 പദ്ധതി ആസൂത്രണം - മോണിറ്ററിംഗ് ചെലവ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള 4/2019 -ാം നമ്പർ പ്രോജക്ടിൽ 2018-19 പദ്ധതി ആ മോണിട്ടറിംഗിനുമായി 86134/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം: 50/18-19, 25.03.2018). ഇതി മോണിട്ടറിംഗിന്റെ ഭാഗമായി യാത്ര ചെയ്ത വകയിൽ വാഹന വാടകയിനത്തിൽ ആകെ 14200/- ചെലവ ശ്രീമതി. ആശമോൾ, ശ്രീമതി. നസീമ എന്നിവർ യഥാക്രമം KL-22-L-3448, KL-22-L-58എന്നീ വാഹ മോണിറ്ററിംഗിനായി യാത്ര ചെയ്തതിന് വാഹന വാടക ഇനത്തിൽ 2000/-, 3200/- രൂപ വിതം ചെലവ എന്നാൽ, കേരള മോട്ടോർവാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം പ്രസ്തുത വാഹനങ്ങൾ മോട്ടോർ സൈ നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽപ്പെടുന്നതാണ്. ആയതിനാൽ 5200/- രൂപയുടെ ചെലവ് അംഗീകര വിശദ വിവരങ്ങൾ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-17 തെരഞ്ഞെടുപ്പ് ബൂത്തിൽ 1,02,421 രൂപ ചെലവഴിച്ചു നിർമ്മിച്ച ക്യാബിൻ പൊളിച്ചു മാറ്റി - പാഴ് ചെലവ്

ബ്ലോക്ക് ഓഫീസിലെ ഇളകി നിലം പതിച്ച ഫാൾസ് സീലിംഗ് റിപ്പയർ ചെയ്ത വകയിലും സ്റ്റാന്റിം മുറികൾ പാർട്ടീഷ്യൻ മാറ്റി ബൂത്ത് ആയി പുനഃ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടത്തിയ അഷ്‌റഫ്, കണിയാപുരം എന്ന വ്യക്തിക്ക് 8,200/-രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 14/3 ഭരണസമിതിയുടെ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിനുള്ളിൽ പോളിംഗ് ബൂത്തായി പ്രവർത്തിച്ചു വന്നതും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ ഉപയോഗിച്ചുവന്നിരുന്നതുമായ റൂമിൽ പാർലമെന്റ് ഇലക്ഷനുമായി ബ

അടിയന്തിരമായി ക്രമീകരണങ്ങൾ നടത്തി പോളിംഗ് ബൂത്ത് സജ്ജമാക്കുന്നതിന് 21.02.2019-ലെ III(6)-ാ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ബ്ലോക്ക് ഓഫീസിലെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം എന്ന പ്രവൃത്തിക്കായി (S 2016-17 വർഷം മെയിന്റനൻസ് ഗ്രാന്റ് 600000/- രൂപ വകയിരുത്തുകയും, 5,34,100/-രൂപ ചെലവഴിക്കുക (ബിൽ നമ്പർ 20/31.03.2017).

ടി പ്രവൃത്തിയുടെ 4-ാം ഇനമായി Providing and fixing Aluminium work for doors, windows, part extruded builtup section approved make etc as per specification for partition of members cabin എന്ന കിലോഗ്രാമിന് 495 രൂപ നിരക്കിൽ 69300/- രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ, മെമ്പർമാരുടെ നിർമ്മാണത്തിന് മാത്രം ചുവടെപ്പറയുന്ന ഇനങ്ങൾക്ക്കൂടി ചെലവുണ്ടായിട്ടുണ്ട്(ഓഡിറ്റ് എൻക്വയ 07/28.09.2019ന് അസി.എക്സി.എഞ്ചിനീയറുടെ മറുപടി).

Particle Board 16.36 $m^2$ x 1364/ $m^2$ = 22315.04

Glass work 9.95 $m^2$ x 1086/ $m^2$ = 10805.70

ഇപ്രകാരം ആകെ 1,02,421/- രൂപ വിനിയോഗിച്ച് നിർമ്മിച്ച ക്യാബിൻ പൊളിച്ച് മാറ്റുന്നതിനാണ് 2 8,200/- രൂപ ചെലവഴിച്ചിട്ടുള്ളത്.

ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റ് പരിശോധിച്ചതിൽ 138 - കഴക്കൂട്ടം നിയോജക മണ്ഡലത്ത നമ്പർ ബൂത്ത് കഴക്കൂട്ടം ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസാണ്. ബൂത്ത് സജ്ജീകരിക്കുന്നതിനുള്ള ചെല വകുപ്പ് വഹിക്കുമെന്നിരിക്കെ അതിനുള്ള ചെലവ് ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽ വിശദീകരണമായി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ചെലവ് മാത്രമേ റവന വഹിക്കുകയുള്ളൂവെന്നും പാർട്ടീഷ്യൻ മാറ്റുന്നതിനുള്ള ചെലവ് വഹിക്കുകയില്ലായെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ അലൂമിനിയം പാർട്ടീഷ്യൻ മാറ്റി പൂർവ്വസ്ഥിതിയിലാക്കി മാറ്റുന്നത് വകുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പൊളിച്ചതെന്നും പൊളിച്ച് മാറ്റിയ ക്യാബിന്റെ അനുബന്ധ സാധനങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിലെതന്നെ മറ്റൊരു മുറിയിൽ ചെയർപേഴ്സൺമാർക്കുള്ള ക്യാബിൻ ഒരുക്കിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/28.09.2019).

ഭരണസമിതിയുടെ 25.07.2016ൽ നടന്ന യോഗത്തിലെ VI-ാം നമ്പർ തീരുമാനം ചുവടെപ്പറയും പ്രകാരമാ

“ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ ഇലക്ഷന് വേണ്ടി മോഡൽ ബൂത്ത് പ്രവർത്തിക്കുന്ന മിനി കോണ ഹാളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ചെയർപേഴ്സൺമാർക്കും ക്യാബിൻ തിരിച്ച് നൽ സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടുകൂടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരു

ബൂത്ത് പ്രവർത്തിക്കുന്ന സ്ഥലത്ത് ക്യാബിൻ നിർമ്മിക്കുന്നതിന് മുൻപായി ഇലക്ഷൻ അധികാരികളുടെ വാങ്ങാഞ്ഞതിനാലാണ് ഇപ്രകാരം, 102421/- രൂപ ചെലവഴിച്ച നിർമ്മിച്ച ക്യാബിൻ പൊളി ഇടയാക്കിയത്. വിവിധ തെരഞ്ഞെടുപ്പുകൾക്കുള്ള പോളിംഗ് ബൂത്തായി ഇലക്ഷൻ കമ്മീഷൻ അംഗീ ഭാഗത്ത്, ബ്ലോക്ക് പഞ്ചായത്ത് ക്യാബിൻ നിർമ്മിക്കാൻ തീരുമാനമെടുക്കുകയും, ക്യാബിൻ നിർമ്മിച്ചതിന് രൂപ ചെലവഴിക്കുകയും തുടർന്ന് 2018-19-ൽ പൊളിച്ച് മാറ്റിയതിന് 8,200/- രൂപ ചെലവഴിക്കുകയും ചെ ആകെ 1,10,621/- രൂപ പാഴ്ച്ചെലവു വന്നതായി വ്യക്തമാകുന്നു. കൂടാതെ മറ്റൊരു ഭാഗത്ത് പുന:സ്ഥാപിക്കുന്നതിനും തുക ചെലവഴിക്കേണ്ടി വന്നു. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-18 പണം കൈമാറിയിട്ടും യന്ത്ര സാമഗ്രികൾ സമയബന്ധിതമായി കർഷകർക്ക് നൽകിയില്ല

പ്രോജക്റ്റ്നമ്പർ S0015/19 പ്രോജക്റ്റിന്റെ പേര് - പാടശേഖര സമിതിക്ക് യന്ത്രവൽക്കരണം

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അടങ്കൽ: -

വികസന ഫണ്ട് ജനറൽ - 421500

ഗുണഭോക്തൃവിഹിതം-46228 ചെലവ്-407846(വി.ഫ.ജനറൽ)

46228 (ഗു. വിഹിതം)

ബിൽ നം.18/2018-19, 23-03-2019 തുക- 78400

ബിൽ നം. 19/2018-19, 23-03-2019,തുക -54000 **ആകെ – 4,07,846/-**

ബിൽനം. 20/18-19, 13-03-2019,തുക 275446

പാടശേഖര സമിതിക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് KAICO-യ്ക്ക് 4,07,446/- രൂപ 2019 മാർച്ചിൽ നൽ എന്നാൽ 12-06-2019, 01-07-2019 തീയതികളിലാണ് യന്ത്ര സാമഗ്രികൾ കൈപ്പറ്റിയത്. ആ കാർഷികോപകരണങ്ങൾ പാടശേഖര സമിതിക്ക് കൈമാറുന്നതിന് കാലതാമസം നേരിട്ടതായി

ഭരണസമിതിയുടെ അസൗകര്യം മൂലമാണ് കാർഷികോപകരണങ്ങൾ പാടശേഖര സമിതിക്ക് കാലതാമസമുണ്ടായതെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ക ആവശ്യമായ സമയത്ത് കാർഷികോപകരണങ്ങൾ നൽകേണ്ടതായിരുന്നു. പദ്ധതി നിർവഹ മോണിട്ടറിംഗിലും ഭരണസമിതി കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-19 കിണർ റീച്ചാർജിംഗ് - വിനിയോഗ വിവരങ്ങൾ ലഭ്യമ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ കിണർ റീച്ചാർജിംഗ് പ്രോജക്ടുകളിൽ രൂപീകരണം, മോണിറ്ററിംഗ് എന്നിവയിലെ അപാകതകൾ മൂലം പൂർണമായ ഫണ്ട് വിനിയോഗം നടന്നിട്ടി

**എ)** പ്രോജക്ട്നമ്പർ-S0003/19 പ്രോജക്ടിന്റെ പേര് - കിണർ റീച്ചാർജ്ജിംഗ്(എസ്. സി. പി)

അടങ്കൽ-368000(വികസനഫണ്ട്-എസ്.സി.പി) ചെലവ്-248000

ബിൽ നം.03/ 24-09-2018 തുക- 80000/-

ബിൽനം. 07/ 24-09-2018, തുക 97600/-

ബിൽ നം. 11/ 29-09-2018,തുക 70400/-

ആകെ 248000/-രൂപ 4 ഗ്രാമപഞ്ചായത്തുകൾക്കായി കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 33,600/- വിനിയോഗ സാക്ഷ്യപത്രം മാത്രമേ പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളൂ. മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട തുകയുടെ വിനിയോഗത്തെക്കുറിച്ച് മാത്രമേ പരാമർശിട്ടുള്ളൂ. 2,14,400/- രൂപയുടെ വിനിയോഗ ' ലഭ്യമാക്കിയിട്ടില്ല.

**ബി)** പ്രോജക്ട്നമ്പർ-S0018/19 പ്രോജക്ടിന്റെ പേര് - കിണർ റീച്ചാർജ്ജിംഗ് (ജനറൽ)

അടങ്കൽ-1440000/- (വികസനഫണ്ട്-ജനറൽ) ചെലവ് – 1025580/-

ബിൽ നം.02/2018-19, 29-04-2018, തുക- 288000/-

ബിൽനം. 06/18-19, 29-04-2018, തുക 210540/--

ബിൽ നം. 10/2018-19, 29-09-2018, തുക 203040/-

ബിൽ നം. 15/2018-19, 09-01-2019, തുക 288000/-

ബിൽ നം. 22/2018-19, 21-03-2019, തുക 36000/-

പ്രസ്തുത പ്രോജക്ടിൽ ആകെ 1025580/-രൂപ 5 പഞ്ചായത്തുകൾക്കായി കൈമാറിയിട്ടുണ്ട്. എന്നാൽ ‹ രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 5,80,620/- രൂപയുടെ വിനിയോഗ റ ലഭ്യമാക്കിയിട്ടില്ല. കഠിനംകുളം, അഴൂർ പഞ്ചായത്തുകളിലെ കിണറുകളിൽ ഉപ്പു വെള്ളമായതിനാൽ ഇവ പദ്ധതി നടപ്പിലാക്കിയില്ലായെന്നും ഇത് ചെലവ് കുറയുന്നതിന് കാരണമായെന്നും വിശദീകരിച്ചിട്ടുണ്ട് അന്വേഷണം നമ്പർ 10എ, 11/30.09.2019 എന്നിവയുടെ മറുപടി).

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,95,020/-(214400+580620) രൂപയുടെ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പാകാത്ത ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവാകാത്ത തുക തിരികെ ‹ ബന്ധപ്പെട്ട ഹെഡിൽ ഒടുക്ക് വരുത്തുകയും നടപ്പാക്കിയ പഞ്ചായത്തുകളിൽ നിന്നും ചെലവ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

എല്ലാ വികസനപദ്ധതികൾക്കും സ്ഥലപരമായ മാനങ്ങൾ ഉണ്ട്. ഏത് പ്രദേശത്തേക്കാണോ ആവിഷ്കരിച്ചിരിക്കുന്നത് ആ പ്രദേശത്തിലെ താമസക്കാർക്കും അവിടത്തെ നിലവിലെ ഭൂഉപഭോ അനുയോജ്യമായിട്ടായിരിക്കണം പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തേണ്ടത്.

## 1-20 ചേമ്പാല തെറ്റിച്ചിറ റോഡ് - റീ ടാറിംഗ് - അപാകതകൾ

പ്രവൃത്തിയുടെ പേര് - ചേമ്പാല തെറ്റിച്ചിറ റോഡ് പുനരുദ്ധാരണം - അണ്ടൂർക്കോണം പഞ്ചായത്ത്

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ S0019/17

അടങ്കൽ - 6,00,000/-രൂപ( വികസനഫണ്ട്)

ഭരണാനുമതി - 01/19.08.2016

തുടർ വർഷങ്ങളിലെ പ്രോജക്ട് വിശദാംശം:

S0085/18 (547192 – വികസന ഫണ്ട്)

S0102/19 (547192 – വികസന ഫണ്ട്)

കരാറുകാരൻ - ശ്രീ. മോഹനൻ നായർ

ഐറ്റം നിരക്കിൽ ക്വാട്ട് ചെയ്ത തുക – 547192.17/- രൂപ

എം-ബുക്ക് നമ്പർ - 93/17-18

ചെലവ് തുക – 5,46,394/- രൂപ

ബിൽ നമ്പർ - 02/17.03.2019

**എ) <u>പ്രവൃത്തിസ്ഥലം പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി</u>**

AEEP /works/17-18(തീയതിയില്ല) നമ്പർ കത്ത് പ്രകാരം നിർമ്മാണസമയത്ത് നിലവിലുള്ള വശങ്ങളിലെ മണ്ണ് നീക്കം ചെയ്തപ്പോൾ നിലവിലുള്ള ടാർ റോഡിന്റെ വീതി 50 സെന്റിമീറ്ററിലധികം കൂടുത ബോദ്ധ്യപ്പെട്ടെന്നും കൂടാതെ മഴ കാരണം റോഡിലെ കുഴികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും ആയതിനാൽ കോൺക്രീറ്റ് ഒഴിവാക്കി എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരാതെ റീവൈസ് ചെയ്യുവാൻ ഭരണസമിതി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു. ഭരണ സമിതി x/26.05.2017-ാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് ചെയ്യാൻ അസി.എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. മുൻകൂട്ടി റോഡിന്റെ അവസ്ഥ, വീതി എന്നിവ കണ സാധിക്കാത്തതിനാലാണ് ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നത്.

